**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1472** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ അന്തർ ജില്ലാ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ അന്തർ ജില്ലാ സ്ഥലം മാറ്റങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | 2021-22 വർഷം മുതൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് 02/12/1991 ലെ സ.ഉ (പി) നം. 36/91/ പി&എ.ആർ.ഡി യിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിൻ പ്രകാരം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കണമെന്നും 24/12/2021 ലെ സ.ഉ (അച്ചടി) നം. 27/2021/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 02/12/1991 ലെ സ.ഉ (പി) നം. 36/91/പി&എ.ആർ.ഡി ഉത്തരവിൽ ഓരോ വകുപ്പിലെയും ഓരോ വിഭാഗത്തിലെയും ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം മാത്രമേ അന്തർ ജില്ല സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റ അനുപാതം പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു കൂട്ടം അദ്ധ്യാപകർ സമർപ്പിച്ച ഹർജി, സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ